**CEIA/4838/2026-IC2**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : **22-07-2026**

**<u>സർക്കുലർ</u>**

വിഷയം:- ജലസേചനം - ജീവനക്കാര്യം – അന്തിമ മുൻഗണന പട്ടിക - പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ- സംബന്ധിച്ച്.

ജലസേചന വകുപ്പിലെ എല്ലാ തസ്തികകളുടെയും താൽക്കാലിക മുൻഗണന പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ ടി പട്ടികയുടെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാർക്ക് വിതരണം ചെയ്യാൻ ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശം നൽകാറുണ്ട്. ടി പട്ടികയിൽ ഉൾപ്പെടാത്തവരും അപൂർണമായ വിവരങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവർക്കും അപ്പീൽ സമർപ്പിക്കുന്നതിനായി **15** ദിവസം സമയപരിധി നൽകുകയും തുടർന്ന് ലഭിക്കുന്ന അപ്പീലുകൾ പരിഗണിച്ചു അന്തിമ മുൻഗണന പട്ടിക പ്രസിദ്ധീകരിക്കുകയും, ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക് വിതരണം ചെയ്യാനും ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ഈ അന്തിമ മുൻഗണന പട്ടിക ഗസറ്റിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിക്കാറുണ്ട്. എന്നാൽ അന്തിമ മുൻഗണന പട്ടിക പ്രസിദ്ധീകരിച്ച് നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ടി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് അപേക്ഷകൾ ലഭിക്കാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷ പ്രകാരം മുൻഗണന പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് സർക്കാരിന്റെ അനുമതി കൂടി ആവശ്യമായതിനാൽ ആയതിലേക്ക് വകുപ്പുതല വിശദീകരണം നൽകേണ്ടതായി വരുന്നു. ഇത് സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനത്തെയും പുതുതായി ഉൾപ്പെടുത്തുന്നവരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെയും ബാധിക്കാറുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള അപേക്ഷകൾ ഉണ്ടാകാതിരിക്കുന്നതിനായി ഇനിമുതൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന താൽക്കാലിക മുൻഗണന പട്ടികകൾ കൃത്യമായി ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (അവധിയിലും/ഡെപ്യൂട്ടേഷനിലും ഉള്ള ജീവനക്കാർ ഉൾപ്പെടെ) സർക്കുലേറ്റ് ചെയ്യേണ്ടതും ആയതു ജീവനക്കാർ കണ്ട് ബോധ്യപ്പെട്ടു എന്ന് ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിന്മേൽ വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

**BEENA P S**
**SENIOR ADMINISTRATIVE OFFICER**
**22-07-2026**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Digitally signed by
Beena P S
Date: 22-07-2026
16:13:06

പകർപ്പ്:-

1) എല്ലാ ചീഫ് എഞ്ചിനീയർമാർക്കും

2) എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും

3) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

4) സീനിയർ സൂപ്രണ്ട്, എ സെക്ഷൻ

5) സീനിയർ സൂപ്രണ്ട്, ബി സെക്ഷൻ

6) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

7) കരുതൽ/അധികം